## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1389 — 06.03.2020 ൽ മറുപടിക്ക്

### അനുമതിയില്ലാതെ സ്ഥാപിച്ചിട്ടുള്ള ഹോർഡിംഗുകളും ബാനറുകളും ബോർഡുകളും

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.അനിൽ അക്കര** | **എ.സി. മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതിയില്ലാതെ ഹോർഡിംഗുകൾ, ബാനർ, ബോർഡുകൾ എന്നിവ സ്ഥാപിക്കരുതെന്ന് നിർദ്ദേശിച്ചു കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; | ഉണ്ട്. സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയില്ലാതെ ഹോർഡിംഗുകൾ, ബാനർ, ബോർഡുകൾ എന്നിവ സ്ഥാപിക്കരുതെന്ന് നിർദ്ദേശിച്ചു കൊണ്ടും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടും 07.03.2018 ലും 06.10.2018 ലും 20.07.2019 ലും ആർ.സി.2/41/2018/ത.സ്വ.ഭ.വ നമ്പർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ബഹു.ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിന്മേൽ 26.10.2018 ലെ സ.ഉ.(സാധാ)നം.2733/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവും 21.01.2019 ലെ സ.ഉ.(സാധാ) നം.113/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവും 02.03.2019 ലെ സ.ഉ. (സാധാ) നം.504/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സംസ്ഥാനത്ത് ഉടനീളം ഇവ സ്ഥാപിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ഉണ്ട്. അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഹോർഡിംഗുകൾ, ബാനർ, ബോർഡുകൾ തുടങ്ങിയവ സമയബന്ധിതമായി നീക്കം ചെയ്യുകയും കുറ്റക്കാർക്കെതിരെ പിഴ ഈടാക്കുകയും നിയമ നടപടികൾ സ്വീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ ഊർജ്ജിതമായി തുടരുന്നു. |
| (സി) | ഇതുസംബന്ധിച്ച് കേരള ഹൈക്കോടതി എന്തെങ്കിലും പുതിയ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി&ഡി) ഉണ്ട്. WP(C) 22750, 25784 & 42574/2018 എന്നീ ഹർജികളിൻമേൽ ബഹു. ഹൈക്കോടതിയുടെ 26.02.2020 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തൊട്ടാകെ സ്ഥാപിച്ചിട്ടുള്ള അനധികൃത |

| | | |
|---|---|---|
| (ഡി) | പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | ബോർഡുകൾ/ ബാനറുകൾ/ ഹോർഡിങ്ങുകൾ / കൊടികൾ തുടങ്ങിയവ 10 ദിവസത്തിനകം നീക്കം ചെയ്യണമെന്നും കുറ്റക്കാർക്കെതിരെ പഞ്ചായത്ത് രാജ് / മുൻസിപ്പൽ ചട്ടങ്ങൾ പ്രകാരമുള്ള പിഴ കൂടാതെ 1957 ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരവും പിഴ ഈടാക്കുവാൻ ആർ.സി.2/41/2018/തസ്വഭവ തീയതി 02.03.2020 കത്ത് പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ